പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. T*247 | 13.03.2020 ൽ മറുപടിക്ക്

## അർദ്ധ അതിവേഗ റെയിൽപാത പദ്ധതിയുടെ സാധ്യതാപഠന റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ആൻസലൻ<br>,, എസ്.ശർമ്മ<br>,, പി.കെ. ശശി<br>,, എ. എൻ. ഷംസീർ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി സംസ്ഥാനത്തിന് ആദായകരമായതും സാധ്യമായതുമായ റെയിൽവെ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് കേരള സർക്കാരും കേന്ദ്ര റെയിൽ മന്ത്രാലയവും സംയുക്തമായി രൂപീകരിച്ച കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഏറ്റെടുത്ത പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനങ്ങളുടെ റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഒരു സംയുക്ത സംരംഭക കമ്പനി (JVC) ആരംഭിക്കുന്നതിനുള്ള നിർദ്ദേശം റെയിൽ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് 51:49 എന്ന മൂലധനത്തിൽ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന ഒരു സംയുക്ത സംരംഭക കമ്പനി ആരംഭിക്കുകയുണ്ടായി. പ്രസ്തുത കമ്പനി താഴെപറയുന്ന പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പിൽ വരുത്തുവാൻ ഊർജ്ജിത ശ്രമം നടത്തി വരുന്നു.<br>1. തിരുവനന്തപുരം - കാസർഗോഡ് വരെ സെമീ ഹൈസ്പീഡ് റെയിൽ കോറിഡോർ<br>2. മാനന്തവാടിവഴിയുള്ള തലശ്ശേരി - മൈസൂർ റയിൽവേ ലൈൻ<br>3. കൊച്ചിയിലെ പഴയ റയിൽവേസ്റ്റേഷൻ (ഇപ്പോഴുപയോഗമില്ലാത്തത്) പുനർനിർമ്മാണം.<br>4. നിലമ്പൂർ - നഞ്ചൻഗുഡ് റയിൽ ലൈൻ<br>ഇതിൽ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള മൂന്നും നാലും പാതയ്ക്ക് റെയിൽവേ ബോർഡിന്റെ തത്വത്തിലുള്ള (In-principle) അംഗീകാരം ലഭിച്ചിട്ടുണ്ട്. കൊച്ചിയിലെ പഴയ റെയിൽവേ സ്റ്റേഷൻ (ഇപ്പോൾ ഉപയോഗ യോഗ്യമല്ലാത്തത്) പുനഃനിർമ്മാണം സംബന്ധിച്ച റിപ്പോർട്ട് റെയിൽവേ ബോർഡിന്റെ പരിഗണനയിലാണ്. തലശ്ശേരി - മൈസൂർ റെയിൽ പാത, നിലമ്പൂർ - നഞ്ചൻഗുഡ് റെയിൽ പാത പദ്ധതികളെ സംബന്ധിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് റെയിൽവേ മന്ത്രാലയത്തിന് സമർപ്പിക്കുന്നതിനാവശ്യമായ പഠനം പുരോഗമന ഘട്ടത്തിലാണ്. |
| (ബി) പ്രസ്തുത കമ്പനി ഏറ്റെടുത്ത തിരുവനന്തപുരം - കാസർകോട് അർദ്ധ അതിവേഗ റെയിൽപാത പദ്ധതിയുടെ സാധ്യതാപഠന റിപ്പോർട്ട് പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) യും (സി) യും തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ ദൂരത്തിൽ സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ട പാതയ്ക്ക് സമാന്തരമായി മണിക്കൂറിൽ ശരാശരി 180 മുതൽ 200 കിലോമീറ്റർ വരെ വേഗത്തിൽ ട്രെയിനുകൾ സഞ്ചരിക്കുന്നതിനായുള്ള മൂന്നും നാലും പാതകൾ / ഗ്രീൻഫീൽഡ് കോറിഡോറാണ് വിഭാവനം ചെയ്തിരിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത റിപ്പോർട്ട് റെയിൽ മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ടോ; | | ഇത് പ്രകാരം തിരുവനന്തപുരത്ത് നിന്നും ഒന്നര മണിക്കൂറിനുള്ളിൽ എറണാകുളത്തും, നാലുമണിക്കൂറിനുള്ളിൽ കാസർഗോഡും എത്തിച്ചേരുവാൻ സാധിക്കും. റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനു ശേഷം മാത്രം വാല്യൂ ക്യാപ്ച്ചറിംഗ്, ധന സമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും സംസ്ഥാനം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്. സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ, EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്.<br>ഈ പദ്ധതി നടപ്പ് സാമ്പത്തിക വർഷം തന്നെ ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വിശദമായ പദ്ധതി റിപ്പോർട്ട് (DPR) 2020 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്കായി നടപ്പ് ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഭൂമി ഏറ്റെടുക്കലും അനുബന്ധ പ്രവൃത്തികളും ഉടൻ തന്നെ തുടങ്ങുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ? | (ഡി) | നടപ്പ് ബജറ്റിൽ ടോക്കൺ പ്രൊവിഷനായി 1 ലക്ഷം രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. പദ്ധതിക്കായി മറ്റു തുകയൊന്നും വകയിരുത്തിയിട്ടില്ല.<br>66,405 കോടി രൂപയുടെ ചിലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് 1226.45 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. കേരള സർക്കാരിൽ ഭൂമി ഏറ്റെടുത്തു നൽകുന്നതിനുള്ള 8,656/- കോടി രൂപയടക്കം 19,940/- കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് പ്രതീക്ഷിത ചെലവിന്റെ 30% ആണ്. മൂലധന സമാഹരണവുമായി ബന്ധപ്പെട്ട് KfW, JICA തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ചകൾ നടന്നു വരുന്നു. സംസ്ഥാന വിഹിതം കിഫ്ബി മുഖേനയുള്ള ഓഹരി സമാഹരണം വഴി കണ്ടെത്തുന്നതിനാണ് വിഭാവനം ചെയ്യുന്നത്.<br>ആകാശ സർവ്വേയുടെ റിപ്പോർട്ട് സർവ്വേ ഓഫ് ഇന്ത്യ, കേന്ദ്ര പ്രതിരോധ മന്ത്രാലയം എന്നിവരുടെ പരിഗണനയിലാണ്. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഏറ്റെടുക്കേണ്ട ഭൂമിയുടെ വിശദാംശം ലഭ്യമാകുകയുള്ളൂ. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ